**മധുരമായ കുട്ടികളെ, നിങ്ങളുടെ ഈ ബ്രാഹ്മണ ജീവിതം ദേവതകളേക്കാളും ഉയർന്നതാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ഈ സമയം മൂന്നുകാലങ്ങളെ കുറിച്ചും മൂന്നുലോകങ്ങളെ കുറിച്ചും അറിയാം. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്.**

**ചോദ്യം:-** ഇപ്പോൾ നിങ്ങൾ കുട്ടികൾ ഏതൊരു ഉയർന്ന കയറ്റമാണ് കയറുന്നത്?
**ഉത്തരം:-** മനുഷ്യനിൽ നിന്നും ദേവതയാകുക എന്നത് വളരെ ഉയർന്ന കയറ്റമാണ്, അതാണ് നിങ്ങൾ ഇപ്പോൾ കയറുന്നത്. കയറിയാൽ വൈകുണ്ഠ പ്രേമ രസം.....എന്ന് പറയാറുണ്ട്. ഇത് വളരെ ഉയരമുള്ള കയറ്റമാണ്. പക്ഷെ ഇതാണ് അത്ഭുതം, കയറുന്നത് ഒരു സെക്കന്റിലാണ് എന്നാൽ ഇറങ്ങുവാൻ സമയമെടുക്കുന്നു.

**ചോദ്യം:-** പാപത്തിന്റെ കുടം പൊട്ടുന്നതിലൂടെയാണ് ജയാരവം ഉണ്ടാകുന്നത്, ഇതിന്റെ അടയാളമായി ഭക്തിമാർഗ്ഗത്തിൽ എന്താണ് കാണിക്കുന്നത്?
**ഉത്തരം:-**ഭക്തിയിൽ മൺ കുടത്തിൽ നിന്നും സീത വരുന്നതായി കാണിക്കുന്നു.. അതായത് എപ്പോഴാണോ പാപ കുടം പൊട്ടുന്നത് അപ്പോഴാണ് സീതയുടെയും, രാധയുടെയും ജൻമമുണ്ടാകുന്നത്.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്ത് നിന്ന് .........

ഓം ശാന്തി. മധുര മധുരമായ കുട്ടികൾ ഭക്തീമാർഗ്ഗത്തിലെ ഗീതം കേട്ടുവല്ലോ. ഈ പതീതലോകത്തിൽ നിന്നും പാവന ലോകത്തിലേക്ക് കൂട്ടികൊണ്ട് പോകൂ എന്ന് പറഞ്ഞു വിളിക്കുന്നു. അശാന്തിയുടെ ലോകത്തിൽ നിന്നും ശാന്തിയുടെ ലോകത്തിലേക്ക് കൂട്ടികൊണ്ട് പോകൂ. വേറെ ഏതോ ലോകമുണ്ട് അവിടെ ശാന്തിയും ഉണ്ടായിരുന്നു സുഖവുമുണ്ടായിരുന്നു എന്ന് ബുദ്ധിയിലുണ്ട്. മഹാരാജാ, മഹാറാണി, ലക്ഷ്മീ നാരായണന്റെ രാജ്യം ഉണ്ടായിരുന്നു, അവരുടെ ചിത്രവും ഇവിടെയുണ്ട്. മനുഷ്യർ ചരിത്രവും ഭൂമിശാസ്ത്രവും പഠിക്കുന്നുണ്ട് ആ അറിവ് ലോകത്തിന്റെ കാൽ ഭാഗത്തെ കുറിച്ചുള്ളതുപോലെയാണ്. അരകൽപത്തിന്റെ പോലും ഇല്ല. സത്യ-ത്രേതായുഗത്തെ കുറിച്ച് ആർക്കും അറിയില്ല. ഒറ്റക്കണ്ണനെപോലെ കണ്ണ് തന്നെ അടഞ്ഞിരിക്കുകയാണ്. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആർക്കും അറിയില്ല. ലോകം എത്ര വലുതാണ്. എപ്പോഴാണ് പുതിയ ലോകം ആരംഭിച്ചത്, പിന്നെ പഴയതായത്, പിന്നെ പഴയതിൽ നിന്നും പുതിയതാകുന്നത് എപ്പോഴാണ്. ഇത് നിങ്ങൾ കുട്ടികൾ ഇപ്പോൾ അറിയുന്നു. തീർച്ചയായും ആകണമല്ലോ. സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പിലേക്ക് വരുകതന്നെ വേണം. കലിയുഗത്തിന് ശേഷം തീർച്ചയായും സത്യയുഗം ഉണ്ടാകും. സംഗമത്തിൽ സത്യയുഗം സ്ഥാപിക്കുന്ന ആൾ വരും. ഇത് മനസ്സിലാക്കികൊടുക്കുവാൻ വളരെ യുക്തികളുണ്ട്. കലിയുഗത്തിനെ സത്യയുഗമാക്കുന്നത് ബാബയാണ്. ഇത്ര സഹജമായ കാര്യം പോലും ആരുടെയും ബുദ്ധിയിൽ വരുന്നില്ല കാരണം ബുദ്ധിക്ക് മായയുടെ പൂട്ട് വീണിരിക്കുകയാണ്. ഹേ പരമപിതാ പരമാത്മാ, ബുദ്ധിവാൻമാരുടെയും ബുദ്ധി അങ്ങാണ് എന്ന് പരമപിതാ പരമാത്മാവിന്റെ മഹിമ പാടുന്നു. ബുദ്ധിഹീനർക്ക് അങ്ങ് ബുദ്ധി നല്കൂ. മറ്റുള്ളവരെല്ലാവരും ആസുരീയ മതം നൽകുന്നവരാണ്, ശ്രേഷ്ഠ മതം നൽകുന്നത് ഒരേയൊരു ബാബയാണ്. മനുഷ്യർ മഹിമ പാടുന്നുണ്ട് എന്നാൽ ഒന്നും മനസിലാക്കുന്നില്ല.

നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ മൂന്ന് ലോകങ്ങളെ കുറിച്ചുള്ള ജ്ഞാനം ഉണ്ട്. ലോകത്തെ കുറിച്ചുള്ള ജ്ഞാനം മാത്രമേ അറിയൂ എന്നല്ല ലോകത്തിനുപരിയായതിനെ കുറിച്ചും അറിയാം. മൂല വതനം, സൂക്ഷ്മ വതനം, സ്ഥൂല വതനം ഈ മൂന്ന് ലോകങ്ങളെ കുറിച്ചുള്ള ജ്ഞാനം ബുദ്ധിയിൽ ഉണ്ട്. നല്ല രീതിയിൽ പഠിക്കുന്നവരുടെ ബുദ്ധിയിൽ ഉണ്ട്. നിങ്ങൾ സ്ക്കൂളിൽ പഠിക്കുന്നു എങ്കിൽ പഠിപ്പ് പൂർണ്ണമായും ബുദ്ധിയിൽ ഇരിക്കണം. നിങ്ങളുടെ ബുദ്ധിയിൽ മൂന്ന് കാലങ്ങളെ കുറിച്ചുള്ള ജ്ഞാനം ഉണ്ട്. നിങ്ങൾ ത്രികാലദർശികളാകുന്നു. നിങ്ങളെ ത്രിലോകീ നാഥനെന്ന് വിളിക്കാൻ സാധിക്കില്ല. ആരും ത്രിലോകീ നാഥനാകുന്നില്ല. ത്രികാലദർശി എന്ന വാക്ക് ശരിയാണ്. നിങ്ങൾ 3 ലോകങ്ങളെ കുറിച്ചും 3 കാലങ്ങളെ കുറിച്ചും അറിയുന്നു. നാം മൂലവതനത്തിൽ ഇരുന്നവരാണ്. നമ്മൾ ആത്മാക്കൾ അവിടെ നിവസിക്കുന്നു. ഈ ജ്ഞാനം മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. പരമപിതാ പരമാത്മാവ് ത്രികാലദർശിയാണെന്ന് നിങ്ങൾക്കറിയാം. ആദി മദ്ധ്യ അന്ത്യം, മൂന്ന് കാലങ്ങളെയും കൂടാതെ ത്രിലോകങ്ങളെയും അറിയുന്നു. ലക്ഷ്മീ നാരായണനെ വൈകുണ്ഠനാഥനെന്ന് പറയാം എന്നാൽ ത്രിലോകീനാഥനെന്ന് പറയാൻ

സാധിക്കില്ല. അവർ ഹെവൻ അഥവാ സ്വർഗ്ഗത്തിന്റെ അധികാരികളാണ്. ബാബയെ സ്വർഗ്ഗത്തിന്റെ അധികാരി എന്ന് പറയാൻ സാധിക്കില്ല. ഇതും മനസിലാക്കേണ്ട കാര്യമാണ്. പരമാത്മാവിനെപ്പോലെ ഒരു മനുഷ്യനുമുണ്ടാകില്ല. പരമാത്മാവ് എല്ലാം അറിയുന്നവനാണ്, നോളേജ് ഫുൾ ആണ് എന്ന് മഹിമ പാടുന്നു എന്നാൽ അർത്ഥമറിയില്ല. എല്ലാം അറിയുന്നവനായതുകൊണ്ട് എല്ലാവരുടേയും മനസ്സിലെ കാര്യ അറിയാം എന്ന് കരുതുന്നു. സർവ്വവ്യാപി എന്ന് വിളിച്ച് നിന്ദിക്കുന്നു.

ഇപ്പോൾ നിങ്ങൾ ഈശ്വരീയ വംശാവലികളാണ് പിന്നെ ദൈവീക വംശാവലിയാകും. ഈശ്വരനാണോ വലുത് അല്ലെങ്കിൽ സത്യയുഗത്തിലെ ദേവതകളാണോ ഉയർന്നത്? ആ ദേവതകളേക്കാൾ സൂക്ഷ്മ വതനവാസി ദേവതകളാണ് ഉയർന്നവർ. സൂക്ഷ്മ വതനവാസി ബ്രഹ്മാവാണ് ഉയർന്നതെന്ന് പറയാറില്ലേ! ആ ബ്രഹ്മാവ് അവ്യക്തമാണ്. ഈ ബ്രഹ്മാവ് വ്യക്തമല്ലേ. ഈ ബ്രഹ്മാവ് പാവനമായി ഫരിസ്തയാകുമ്പോഴാണ് മഹിമ. ബ്രാഹ്മണർക്ക് ഇപ്പോൾ അലങ്കാരങ്ങൾ കൊടുത്താൽ ആ അസ്ത്ര ശസ്ത്രങ്ങൾ ശോഭിക്കില്ല അതുകൊണ്ടാണ് വിഷ്ണുവിന് സ്വദർശന ചക്രം കാണിക്കുന്നത്. ശംഖ്, ചക്രം, ഗദ, പത്മം ഇവയുടെ അർത്ഥമെന്താണെന്ന് നിങ്ങൾക്കറിയാം. സത്യയുഗത്തിൽ ലക്ഷ്മീ നാരായണന് അസ്ത്ര ശസ്ത്രങ്ങൾ കൊടുക്കില്ല. ഇതെല്ലാം ഇപ്പോഴത്തെ കാര്യമാണ്. വാസ്തവത്തിൽ ഇത് ജ്ഞാനത്തിന്റെ അസ്ത്ര ശസ്ത്രങ്ങളാണ്. സ്ഥൂല ആയുധങ്ങളുടെ കാര്യമേയില്ല. ശാസ്ത്രങ്ങളിൽ സ്ഥൂല ആയുധങ്ങളുണ്ട്. പാണ്ഡവരുടേയും കൗരവരുടേയും സേനയെ കാണിക്കുന്നു, എന്നാൽ അതിൽ സ്ത്രീകളെ കാണിക്കുന്നില്ല. പാണ്ഡവ സേനയിൽ പുരുഷൻമാരെ കാണിക്കുന്നു. ബാക്കി ശക്തീ സേന എവിടെ പോയി. ഇത് ഗുപ്തമാണ്. ശിവശക്തികൾ എവിടെ പോയി എന്ന് ആർക്കും അറിയില്ല. ഇതിന്റെ വിവരണത്തെക്കുറിച്ചൊന്നും കാണിക്കുന്നില്ല. എങ്ങനെയാണ് ശക്തികൾ യുദ്ധം ചെയ്തത്! സേനയെ കാണിക്കുന്നുണ്ടല്ലോ. ആർക്കും മനസിലാക്കാൻ സാധിക്കുന്നില്ല, ആര് എന്ത് പറഞ്ഞുവോ അത് എഴുതിവെച്ചു. ഇപ്പോൾ യഥാർത്ഥ രീതിയിൽ നിങ്ങൾ മനസിലാക്കുന്നു. നമ്മൾ സർവ്വരും അഭിനേതാക്കളാണ്. ഓരോ ആത്മാവിനും തന്റേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. ബാബയെ രചയിതാവ്, സംവി ധായകൻ, മുഖ്യ അഭിനേതാവ് എന്ന് പറയുന്നു. ആ ബാബയിലൂടെ നിങ്ങൾ മുഴുവൻ ഡ്രാമയുടെ രഹസ്യത്തെ മനസിലാക്കുന്നു. ഇതിൽ 4 യുഗങ്ങളുണ്ട് അഥവാ 4 ഭാഗങ്ങളുണ്ട്. അതിനെ എപിക്(യുഗം) എന്ന് പറയുന്നു. യഥാർത്ഥത്തിൽ 5 ആണ്, അഞ്ചാമത്തേത് ഈ മംഗളകാരീ യുഗമാണ്. സത്യ ത്രേതായുഗ ത്തിന്റെ സംഗമത്തെ മംഗളകാരി എന്ന് പറയില്ല കാരണം ഇറങ്ങുകയാണ് ചെയ്യുന്നത്. സതോപ്രധാനം, സതോ, രജോ, തമോ ഇതാണ് പടികൾ. എങ്കിൽ പടികൾ ഇറങ്ങുക തന്നെ ചെയ്യണം. ജ്ഞാനത്തിൽ നിങ്ങൾ ഒരേ ഒരു പ്രാവശ്യം മുന്നേറുന്നു. പിന്നെ മുകളിലേക്ക് കയറിയ പടികൾ ഇറങ്ങികൊണ്ടിരിക്കുന്നു. പടികൾ ഇറങ്ങുക എന്നത് വളരെ സഹജമാണ്. കയറുവാനാണ് വളരെ പ്രയാസം. നിങ്ങൾ എത്രയാണ് പരിശ്രമിക്കുന്നത്. മനുഷ്യനിൽ നിന്നും ദേവതയാകുക എന്നത് ഉയർന്ന കയറ്റമല്ലേ. കയറിയാൽ വൈകുണ്ഠ പ്രേമ രസം.....എന്ന് പറയാറില്ലേ. ഇപ്പോൾ നമ്മൾ കയറുകയാണെന്ന് അറിയാം. പിന്നെ വീഴുകയാണെങ്കിൽ പൂർണ്ണമായും തവിടുപൊടിയാകും. എത്ര സമയമെടുക്കും! ഇത് ഉയരമുള്ള കയറ്റമാണ്. ഇപ്പോൾ നമ്മൾ കയറുകയാണ് പിന്നെ ഇറങ്ങും എന്ന് നിങ്ങൾക്കറിയാം. കയറുവാൻ ഒരുസെക്കന്റ് മതി, അവസാനം വരുന്നവർക്ക് സെക്കന്റിൽ കയറുവാൻ സാധിക്കും. അബലകൾക്കും അമ്മമാർക്കും എത്ര അത്യാചാരമാണുണ്ടാകുന്നത്. പെൺകുട്ടികൾ വിളിക്കുന്നു, ബാബാ നഗ്നമാകുന്നതിൽ നിന്നും രക്ഷിക്കു. ധാരാളം കുട്ടികൾ ഉണ്ട്. അബലകൾക്ക് ധാരാളം അത്യാചാരമുണ്ടാകുന്നു, അവരെ അടിക്കുമ്പോൾ, അടിക്കുന്നവരുടെ പാപ കുടം നിറയുന്നു, അത് നിറഞ്ഞ് പൊട്ടിപോകുന്നു. മൺ കുടത്തിൽ നിന്ന് സീത വന്നു.....എന്ന് കാണിക്കുന്നു. ഇപ്പോൾ നിങ്ങൾ സത്യം സത്യമായ സീതകൾ വന്നുകെണ്ടിരിക്കുന്നു. രാധ യും സീതയും വന്നു. രഘുപതി രാഘവ രാജാ റാം എഴുതുന്നതിലൂടെ സീതയുടെ പേരുമുണ്ട്. ജഗദംബയും, ജഗത്പിതാവുമാണ് രാജ-രാജേശ്വരനും, രാജ-രാജേശ്വരിയുമാകുന്നത്. ഇവർ തന്നെയായിരുന്നു ലക്ഷ്മീ നാരായണൻ പിന്നെ അന്ത്യത്തിൽ എന്തായി തീർന്നു എന്ന് നോക്കൂ! സത്യയുഗത്തിൽ ഇത്ര 33 കോടി മനുഷ്യർ ഉണ്ടായിരുന്നില്ല. അവിടെ വളരെ കുറച്ച് പേരേ ഉണ്ടാകു. പിന്നീട് വൃദ്ധി ഉണ്ടായികൊണ്ടിരിക്കുന്നു. ദൈവീക സമ്പ്രദായത്തിലുള്ളവർ പുനർജന്മം എടുത്തെടുത്ത് പിന്നെ ആസുരീയ സമ്പ്രദായത്തിലുള്ള വരായി തീരുന്നു. ഇപ്പോൾ ആസുരീയ സമ്പ്രദായത്തെ വീണ്ടും ദൈവീക സമ്പ്രദായമാക്കുന്നു. കൽപ്പ കൽപ്പമാക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ മുവുവൻ ജ്ഞാനവും വന്നു. നിങ്ങളാണ് ത്രികാലദർശികളാകുന്നത്. 3 ലോകങ്ങളെ കുറിച്ചുള്ള ജ്ഞാനവും ലഭിച്ചു. നിങ്ങൾ പറയും ഞങ്ങൾ പൂജ്യ വൈകുണ്ഠനാഥനായിരുന്നു, ഇപ്പോൾ പൂജാരീ നരകത്തിന്റെ നാഥനായി. ഹംസോ സോഹം (നമ്മൾ തന്നെയാണ് പൂജ്യരും പൂജാ രിയും) എന്നതിന്റെ അർത്ഥം അറിയാത്തതുകാരണം നമ്മൾ ആത്മാവ് തന്നെ പരമാത്മാവെന്ന് പറയുന്നു. എത്ര വ്യത്യാസമാണ്. ഇത് ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവുമാണ് നിങ്ങൾക്കിപ്പോൾ മനസിലാക്കി തരുന്നത്. നിങ്ങൾ ഈ പരിധിയില്ലാത്ത ചക്രത്തെക്കുറിച്ചും അറിഞ്ഞു. നിങ്ങൾക്ക് മൂന്ന് ലോകങ്ങളെയും

മൂന്ന കാലങ്ങളെയും അറിയാം.

ഈ ഗുപ്തമായ കാര്യം ബാബ പഠിപ്പിക്കുന്നു. ഗീതയിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ആർക്കുമറിയില്ല. ആരിലാണോ ഈ ജ്ഞാനം ഉള്ളത് അവർക്കേ പഠിപ്പിക്കാൻ സാധിക്കൂ. പിന്നെ തന്റെ പാർട്ട് എപ്പോഴാണോ ഉള്ളത് ആ സമയത്ത് പുനരാവർത്തിക്കും. ക്രിസ്തു തന്റെ സമയത്ത് തന്റെ പാർട്ട് വന്ന് ആവർത്തിക്കുന്നു. നിങ്ങൾക്കറിയാം ഞങ്ങൾ സൂര്യവംശി, ചന്ദ്രവംശി, വൈശ്യ, ശൂദ്രവംശിയാകും. ചക്രം കറങ്ങികൊണ്ടിരിക്കും. ഇസ്ലാമി, ബൗദ്ധികൾ പിന്നെ അവരുടെ പാർട്ട് പുനരാവർത്തിക്കും. ഒരേ ഒരു ദേവീ ദേവതാ ധർമ്മം ഉള്ളപ്പോൾ മറ്റ് ധർമ്മങ്ങളൊന്നും ഉണ്ടാകില്ല. ലോകം ഒന്നു തന്നെയാണ്. ബാബ രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചുമുള്ള രഹസ്യം മനസിലാക്കിതന്നിട്ടുണ്ട്, ഓരോ മനുഷ്യനും പരിധിയുള്ള ബ്രഹ്മാവാണ്. കുട്ടികളെ സൃഷ്ടിക്കുന്നു പിന്നെ അവരെ പാലിക്കുന്നു. രചയിതാവായ ബാബയിൽ നിന്ന് രചനകൾക്ക് സമ്പത്ത് ലഭിക്കുന്നു. സഹോദരൻ സഹോദരന് ആസ്തി കൊടുക്കുന്നത് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ. ഒന്ന് പരിധിയുള്ള അച്ഛനാണ് എന്ന് കുട്ടികൾക്കറിയാം, അത് എല്ലാവർക്കും അറിയാം. പരിധിയുള്ള അച്ഛനിൽ നിന്ന് പരിധിയുള്ള ആസ്തി ലഭിക്കുന്നു. ലൗകീക ടീച്ചർ പഠിപ്പിക്കുന്നു, അത് പഠിപ്പിക്കുന്നതിലൂടെ ആരും മുഴുവൻ സൃഷ്ടിയുടെയും അധികാരി ആകില്ല, ഇത് പരിധിയില്ലാത്ത കാര്യമാണ്. പരിധിയുള്ള സർവ്വരും ആ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നു. ബാബ, ശിവബാബ എന്ന് വിളിക്കുന്നു. രചയിതാവിനെ അച്ഛൻ എന്നല്ലേ വിളിക്കുക. കേവലം ബാബ എന്നത് സാധാരണ പേരാണ് അതുകൊണ്ട് ശിവബാബ എന്ന് വിളിക്കുന്നു. ബാബ നിരാകാരിയാണ്. ശിവബാബയോട് നിങ്ങൾക്ക് എന്ത് സംബന്ധമാണെന്ന് ചോദിക്കാറുണ്ട്. ശിവബാബാ സഞ്ചി നിറച്ചു തരൂ എന്ന് പറയാറില്ലേ. ബാബയ്ക്ക് ശിവനെന്ന പേരാണ് കൃത്യമായത്. ശങ്കരന്റെ ചിത്രം വേറെയാണ്. ശിവനെയും ശങ്കരനെയും രണ്ട് പേരേയും ഒന്നിപ്പിച്ച് ശിവ-ശങ്കരനെന്ന് പറയുന്നു, ഇത് വളരെ വലിയ തെറ്റാണ്. പരമോന്നതനായ അച്ഛനെ മറന്നുപോയി. ചിത്രം വളരെ നല്ലതാണ്. ബ്രഹ്മാവിലൂടെ ഇപ്പോൾ സ്ഥാപന നടക്കുന്നു. ജ്ഞാനവും ഇപ്പോൾ ലഭിക്കുന്നു. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണനായി. ബ്രാഹ്മണർ എവിടെ നിന്നു വന്നു? അവരെ ദത്തെടുക്കുന്നു. ബ്രഹ്മാവിനെയും ദത്തെടുത്തതാണ്. ബ്രഹ്മാവിൽ നിന്നും ബ്രാഹ്മണർ ജൻമമെടുത്തു. നമ്മൾ ഇപ്പോൾ പ്രജാപിതാ ബ്രഹ്മാകുമാർ കുമാരികളാമെന്ന് നിങ്ങൾക്കറിയാം. പ്രജാപിതാവ് എന്ന പേര് തീർച്ചയായും വെക്കണം. ബ്രഹ്മാവെന്ന് മാത്രം പറയുമ്പോൾ അറിയാൻ പറ്റില്ല, കുറേ പേർക്ക് ഈ പേരുണ്ട്. പ്രജാപിതാ ബ്രഹ്മാ എന്ന് പേര് ആർക്കും ഉണ്ടാകില്ല. ഇത് മനുഷ്യനല്ലേ. രുദ്ര ശിവബാബയാണ് ഈ ജ്ഞാന യജ്ഞം രചിച്ചിരിക്കുന്നത്. തീർച്ചയായും ബ്രാഹ്മണർ വേണം. എങ്ങനെയാണ് ബ്രാഹ്മണനാകുന്നത്! എന്ന് നിങ്ങൾക്കറിയാം. യജ്ഞം ബ്രാഹ്മണരിലൂടെയാണ് രചിക്കുന്നത്. നിങ്ങൾ ബ്രാഹ്മണരാണ് പിന്നെ വീണ്ടും ദേവതയാകണം. ഈ സൃഷ്ടിയിൽ തന്നെ വീണ്ടും വരണം പിന്നെ ഇതെല്ലാം എവിടെ പോകും? ഈ രുദ്ര ജ്ഞാന യജ്ഞത്തിൽ എല്ലാം സ്വാഹയാകും. ഈ രുദ്ര ജ്ഞാന യജ്ഞത്തിൽ പഴയ ലോകത്തിന്റെ ആഹുതിയുണ്ടാകുന്നു. ഈ രുദ്ര ജ്ഞാന യജ്ഞത്തിലൂടെയാണ് വിനാശ ജ്വാല പ്രകടമാകുന്നത്. ശങ്കരനിലൂടെ വിനാശം എന്ന് മഹിമയുണ്ട്. അടയാളങ്ങളും തീർച്ചയായും കാണുന്നു. ഇത് അതേ സമയമാണ്. യൂറോപ്പ്വാസി യാദവർ, കൗരവർ, കൂടാതെ പാണ്ഡവർ എന്ന് പറയുന്നു. ഭാരതവാസികൾ തന്റെ ധർമ്മത്തെ തന്നെ മറന്നു. ചിത്രങ്ങളൊക്കെയുണ്ട് എന്നാൽ ആർക്കും അറിയില്ല. ദേവീദേവതകളുടെ രാജ്യം ഉണ്ടായിരുന്നു എന്നാൽ ആരാണ് അവർക്ക് ഈ രാജ്യം നൽകിയത്? എങ്ങനെയാണ് ദേവീദേവതാ ധർമ്മം സ്ഥാപിക്കപ്പെട്ടത്? ഇത് പൂർണ്ണമായിട്ടും അറിയില്ല. ധർമ്മം സ്ഥാപിക്കുന്ന ആളാണ് ഇതെല്ലാം തന്നെ മനസിലാക്കി തരുന്നത്. മറ്റാർക്കും തന്നെ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസിലാക്കി തരാൻ സാധിക്കില്ല. മൂന്ന് ലോകങ്ങളുടെയും ജ്ഞാനം ആർക്കും തരാൻ സാധിക്കില്ല. നിങ്ങൾ എല്ലാവരുടേയും പാർട്ടിനെ കുറിച്ച് മനസിലാക്കി. ഇവർ എല്ലാവരും പിന്നെ തന്റേതായ സമയത്ത് പാർട്ടഭിനയിക്കാൻ വരും. മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെ മഹിമ വർദ്ധിച്ചുകൊണ്ടിരിക്കും. പെട്ടന്ന് വൃദ്ധിയുണ്ടാകും. അപ്പോൾ എത്ര വലിയ കെട്ടിടം പണിയേണ്ടിവരും. ഡ്രാമയിൽ പാർട്ടുണ്ട്. എത്ര കുട്ടികൾ വരും എന്ന് അറിയാം. വൃദ്ധി ഉണ്ടായികൊണ്ടിരിക്കുന്നു. പഠിപ്പ് നേടാൻ വന്നുകൊണ്ടിരിക്കും. ചുറ്റികറങ്ങുവാൻ വളരെപേർ വരുന്നുണ്ട്. വിദ്യാഭ്യാസ മന്ത്രി വരുകയാണെങ്കിൽ അവർക്കും ഈ ജ്ഞാനം മനസിലാക്കികൊടുക്കണം. നമ്മളുടേത് ലോകത്തിന്റെ തന്നെ ചരിത്രവും ഭൂമിശാസ്ത്രവുമാണ്. മുഴുവൻ കൽപ്പത്തിന്റെ ചക്രത്തെ കുറിച്ച് ആർക്കും അറിയില്ല. നിങ്ങൾ ഇപ്പോൾ ജ്ഞാന സാഗരനിലൂടെ മാസ്റ്റർ ജ്ഞാന സാഗരനായി. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1) പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും പഠിക്കണം, പഠിപ്പിക്കണം. സർവ്വ അലങ്കാരങ്ങളും ധാരണ ചെയ്യുന്നതിനായി പാവനമായ ഫരിസ്തയാകണം.

2) ബുദ്ധിവാൻമാരുടെയും ബുദ്ധി ഒരേയൊരു ബാബയാണ്, ആ ബാബയുടെ ശ്രീമത്തനുസരിച്ച് നടന്ന് ബുദ്ധിവാനാകണം. ഈ ബ്രാഹ്മണ ജീവിതം അമൂല്യമാണ് എന്ന ലഹരിയിലിരിക്കണം.

## വരദാനം:- നിറവും രൂപവും ഇവയോടൊപ്പം സമ്പൂർണ്ണ പവിത്രതയുടെ സുഗന്ധം ധാരണ ചെയ്യുന്ന ആകർഷണ മൂർത്തിയായി ഭവിക്കട്ടെ.

ബ്രാഹ്മണനാകുന്നതിലൂടെ എല്ലാവരിലും നിറവും വന്നുചേരുന്നു, രൂപവും പരിവർത്തനപ്പെടുന്നു, പക്ഷെ സുഗന്ധം നമ്പർവാറാണ്. ആകർഷണമൂർത്തിയാകുന്നതിന് വേണ്ടി നിറവും രൂപത്തിനോടുമൊപ്പം സമ്പൂർണ്ണ പവിത്രതയുടെ സുഗന്ധം വേണം. പവിത്രത എന്നാൽ കേവലം ബ്രഹ്മയാരിയല്ല, മറിച്ച് ദേഹത്തിനോടുള്ള ഇഷ്ടത്തിൽ നിന്ന് പോലും വേറിട്ടവർ. മനസ്സ് ബാബയൊഴിച്ച് മറ്റൊന്നിനോടും മമതയുണ്ടാകരുത്. ശരീരം കൊണ്ടും ബ്രഹ്മചാരി, സംബന്ധങ്ങളിലും ബ്രഹ്മചാരി, സംസ്കാരങ്ങളിലും ബ്രഹ്മചാരി-അങ്ങിനെയുള്ള സുഗന്ധമുള്ള ആത്മീയ റോസാപുഷ്പം തന്നെയാണ് ആകർഷണ മൂർത്തിയാകുന്നത്.

## സ്ലോഗൻ:- യഥാർത്ഥ സത്യത്തെ വിവേചനം ചെയ്യൂ എങ്കിൽ അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യുക സഹജമായി മാറും.